(ഡി) എത്ര പേർക്കാണ് പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. നിയമന അഡ്വൈസ് നല്കിയത് ; ഇനി അഡ്വൈസ് നൽകാൻ ബാക്കിയുള്ളവ എത്ര ; വിശദമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ 248 ഒഴിവുകളുണ്ട്. (വിവിധ കാറ്റഗറികളിലായി)

(ബി) മേൽപ്പറഞ്ഞ ഒഴിവുകളിൽ 80 ഒഴിവുകൾ ബോർഡിലെ തന്നെ ഇൻസർവ്വീസ് ജീവനക്കാരെ (അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്ക് താഴെയുള്ള തസ്തികകളിൽപ്പെട്ട എഞ്ചിനീയറിംഗ് ബിരുദമുള്ളവർ) പി.എസ്.സി. മുഖേന നിയമിക്കാനുള്ള ഒഴിവുകളാണ്. ഇത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്, 37 എണ്ണം എസ്.റ്റി. വിഭാഗക്കാരെ പി.എസ്.സി. മുഖേന നിയമിക്കാനുള്ളതാണ്. ഈ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം 248 ഒഴിവുകളിൽ 117 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 131 ഒഴിവുകൾ പ്രമോഷൻ മുഖേന നികത്താനുള്ളതാണ്.

(സി) മേൽപ്പറഞ്ഞ പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ആയിട്ടില്ല.

(ഡി) ബാധകമല്ല.

എളവള്ളി കെ.എസ്.ഇ.ബി. സബ്-എഞ്ചിനീയർ ഓഫീസിലെ സബ് എഞ്ചിനീയർ തസ്തിക

192 (5597) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എളവള്ളി കെ.എസ്.ഇ.ബി. സബ്-എഞ്ചിനീയർ ഓഫീസിൽ സബ്-എഞ്ചിനീയർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ്, സെക്ഷൻ ഓഫീസ് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാവറട്ടി സെക്ഷനു കീഴിലാണ് എളവള്ളി സബ്-എഞ്ചിനീയർ ഓഫീസ് പ്രവർത്തിക്കുന്നത്. പാവറട്ടി സെക്ഷനിൽ മൂന്ന് സബ്-എഞ്ചിനീയറുടെ തസ്തിക അനുവദിച്ചിട്ടുള്ളതിൽ ഒരൊഴിവ് നിലവിലുണ്ട്. ആകെയുള്ള രണ്ട് സബ്-എഞ്ചിനീയർമാരിൽ ഒരാൾ എളവള്ളി സബ്-എഞ്ചിനീയർ ഓഫീസിന്റെ ചുമതല വഹിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly